**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 491** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം പദ്ധതി നയരൂപീകരണത്തിനൊപ്പം സഹകരണവകുപ്പിന്റെ നിർവ്വഹണ രീതിയിലും മാറ്റങ്ങളുണ്ടാകണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രംഗത്ത് സുരക്ഷ ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ പ്രസ്ഥാനം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. ഏത് ആപത് ഘട്ടത്തിലും സഹായ ഹസ്തവുമായി ജനങ്ങൾക്ക് ആശ്രയിക്കാവുന്ന മേഖലയായി മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിയ്ക്കായി സഹകരണ മേഖല വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വായ്പാ വിതരണത്തിനു പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു.<br><br>സർക്കാർ കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ സംഘങ്ങളാണ്. സഹകരണ മേഖലയിലെ വിവിധ തരം സേവനങ്ങളും ഉത്പന്നങ്ങളും ഉപയോഗിക്കാത്തവരായി ഒരാളും സംസ്ഥാനത്ത് ഉള്ളതായി കാണുന്നില്ല. അത്രക്കു വിപുലമാണ് കേരളത്തിലെ സഹകരണ മേഖല.<br><br>സാമ്പത്തിക ദുർവ്യയങ്ങളില്ലാതെ ഫലപ്രദമായും കാര്യക്ഷമമായും അംഗങ്ങളുടെയും സമൂഹത്തിന്റെയും നേട്ടത്തിനായി പ്രവർത്തിക്കാൻ കെൽപ്പുള്ള സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യമാക്കി തയ്യാറാക്കുന്ന പദ്ധതികളുടെ ഭരണ നിർവ്വഹണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും സംഘാടനത്തിലും |

| | | | |
|---|---|---|---|
| | | | നടത്തിപ്പിലും ജനങ്ങളെ ഉൾച്ചേർക്കുന്നതിനും സഹകരണ പ്രസ്ഥാനങ്ങളെ ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ സഹകരണ നയം രൂപീകരിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ 2024 ജനുവരി മാസം 20 മുതൽ 22 വരെ നടന്ന 9-ാം സഹകരണ കോൺഗ്രസിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ 9 പുതിയ നിർദ്ദേശങ്ങൾ സഹകരണ നയത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ഉൽപാദക യൂണിറ്റുകളായി മാറ്റുന്നതിനും അവർ തയ്യാറാക്കുന്ന പദ്ധതികൾക്ക് സമയബന്ധിതമായി അനുവാദം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് നടപ്പാക്കുന്നതാണ്. |
| (ബി) | സഹകരണ സംഘങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സ്വാതന്ത്ര്യം ലഭിക്കുന്നവിധം നിലവിലുള്ള സഹകരണ നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സഹകരണ മേഖലയിൽ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, തൊഴിൽ അവസരങ്ങളും വരുമാനവും സൃഷ്ടിക്കുക, യുവജനക്ഷേമം എന്നീ ലക്ഷ്യങ്ങളോടെ സംരംഭകത്വം, പുത്തൻ സാങ്കേതിക വിദ്യ, നൂതന കണ്ടുപിടിത്തങ്ങൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടി ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സംഘങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ അനുവാദം നൽകുന്ന വിഷയത്തിലുള്ള നിലവിലെ നടപടിക്രമങ്ങൾ പുനഃപരിശോധിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |
| (സി) | സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ, സേവന മേഖലകളിലേക്ക് കൂടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | തൊഴിൽ ലഭ്യമാക്കൽ പ്രഥമലക്ഷ്യമാക്കി ഊരാളുങ്കൽ ലേബർ സഹകരണ സംഘം പോലുള്ള ലേബർ സഹകരണ സംഘങ്ങൾ സഹകരണ വകുപ്പിന് കീഴിൽ ആരംഭിക്കുകയുണ്ടായി.<br><br>ലേബർ സഹകരണ സംഘങ്ങളുടെ കീഴിൽ നിരവധി ചെറുതും വലുതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ നടത്തി വരുന്നു. സർക്കാരിന് കീഴിലുള്ള നിർമ്മാണ പ്രവർത്തികൾ കൂടാതെ മറ്റ് പ്രവർത്തികളും ഏറ്റെടുക്കുക വഴി നിരവധി സ്കിൽഡ് അൺസ്കിൽഡ് തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകി വരുന്നു. ആരോഗ്യ മേഖലയിൽ ആശുപത്രി സഹകരണ സംഘങ്ങളുടെ കീഴിൽ നിരവധി പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകി വരുന്നു. ആശുപത്രികളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിന്റെ ഭാഗമായി ആരോഗ്യ രംഗത്ത് തൊഴിൽ എടുക്കുന്നവർ കൂടാതെ ഐ.റ്റി, എഞ്ചിനിയറിംഗ്, നിർമ്മാണ പ്രവർത്തികൾ ഉൾപ്പെട്ടവർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഇപ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാൻ സഹകരണ മേഖല സഹായകമാകുന്നു. |
| (ഡി) | വ്യാപാര-വാണിജ്യ മേഖലയിൽ തൊഴിലെടുക്കുന്നവർക്കും പലകാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തികാവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുമായി സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | യുവ വനിതകളെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ട് വരുക എന്ന ഉദ്ദേശത്തോടെ കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ യുവ വനിതകൾക്കായി ആരംഭിച്ച 3 യുവ വനിത സഹകരണ സംഘങ്ങളായ കോട്ടയം താലൂക്ക് യുവജന വനിത സഹകരണ സംഘം (ക്ലിപ്തം നം കെ 1244), തൃശ്ശൂർ ജില്ലയിലെ കൊരട്ടി യുവ വനിത സഹകരണ സംഘം (ക്ലിപ്തം നം ആർ 1566), കണ്ണൂർ യുവ വനിത മൾട്ടി പർപ്പസ് സഹകരണ സംഘം (ക്ലിപ്തം നം. സി 2162) സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും പലകാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുമായി സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം 4511 കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃത്തിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ 13 ജില്ലകളും വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ഒഴികെയുള്ള പ്രദേശങ്ങളും ഉൾപ്പെടുത്തി പ്രവർത്തന പരിധിയായി നിശ്ചയിച്ച് തിരുവനന്തപുരം ആസ്ഥാനമായി പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 16.06.2022 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സഹകരണ സംഘമാണ്. നിലവിൽ ടി സംഘം ദൈനംദിനം വർദ്ധിച്ചു വരുന്ന ഗിഗ് വർക്കേഴ്സിന്റെ ക്ഷേമ പ്രവർത്തനം കൂടി ഏറ്റെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ പേര് |

| | | | |
|---|---|---|---|
| | | | കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511 എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഗിഗ് വർക്കേഴ്സിന് റിഫ്രഷ്മെന്റ് സെന്ററുകൾ കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ